പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1277** — **03.12.2018-ൽ മറുപടിക്ക്**

**നേര്യമംഗലത്തെ ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പണികഴിപ്പിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ എഞ്ചിനീയറിങ്ങ് ട്രെയിനിംഗ് സെന്ററിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും ഇതുവരെയായിട്ടും പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ട്രെയിനിംഗ് സെന്റർ പ്രവർത്തനമാരംഭിക്കുന്നതനുസരിച്ച് ആവശ്യമായ സ്റ്റാഫിനെ വിന്യസിക്കുന്നതാണ്. |
| (സി) പ്രസ്തുത ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) ട്രെയിനിംഗ് സെന്ററിന്റെ പൂർത്തീകരണത്തോടെ ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ